**നം.കെ.എസ്.എ-കെ.ടി.എം.പി14/1759/2019** **തീയതി : 28.12.2019**

# കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

**കോട്ടയം** ജില്ലയിലെ **പൂഞ്ഞാർ തെക്കേക്കര ഗ്രാമ** പഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.03.19 മുതൽ 08.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 19.11.2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി.ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2019- 19.11.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഡാനിമോൾ കെ.ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ്., ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷൈനി സന്തോഷ് | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ.റ്റി.ആർ.ശ്രീകാന്ത് | 01.04.2018-31.03.2019 |

**നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.ജി.രവീന്ദ്രൻ | 01.04.2018-31.05.2018 |
| | ശ്രീ.സുരേഷ് സാമുവൽ | 21.06.2018- 31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.ബിനോയി ജോസഫ് | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി അശ്വനി എസ്. | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പൂഞ്ഞാർ തെക്കേക്കര | ഡോ.ഷാജു | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ഡോ.ജോയ്സി ജോൺ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വാദം | ഡോ.സീനിയ അനുരാഗ് | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശോഭനകുമാരി | 01.04.2018-06.08.2018 |
| | ശ്രീമതി ജ്യോതി എസ്. കുമാർ | 07.08.2018- 31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ദയ പുരുഷോത്തമൻ | 01.04.2018-15.10.2018 |
| | ശ്രീമതി ചിത്ര എസ്. | 16.10.2018- 31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജോസഫ് | 01.04.2018-31.03.2019 |
| ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ, കൈപ്പള്ളി | ശ്രീമതി സൽമത്ത് എൻ.എം. | 01.04.2018-31.03.19 |
| വി.ഇ.ഒ | ശ്രീ.സിയാദ് വി.എ. | 01.04.2018- 31.07.2018 |
| | ശ്രീമതി മേരിക്കുട്ടി ജോസഫ് | 1.08.2018- 31.03.2019 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും അവലോകനവും |
| 1-8 | രസീതുകളുടെ ഉപയോഗത്തിലും പണം പിരിവിലും അപാകതകൾ |
| 1-9 | സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല |
| 1-10 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 1-11 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല |
| 1-12 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 1-13 | ലൈസൻസ്-ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടത് |
| 1-14 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു |
| 1-15 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വാടക ലഭിക്കുന്നില്ല |
| 1-16 | തടി ലേലം അടിയന്തിരമായി പൂർത്തിയാക്കണം |
| 1-17 | ലേല നടപടിക്രമങ്ങൾ നടത്താതെ ബസ് സ്റ്റാൻഡ്, കംഫർട്ട് സ്റ്റേഷൻ എന്നിവിടങ്ങളിലെ പിരിവ് ഏൽപ്പിച്ചിരിക്കുന്നു |

| | |
|---|---|
| 1-18 | കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു |
| 1-19 | പങ്കാളിത്ത പെൻഷൻ തുക അടവാക്കിയിട്ടില്ല |
| 1-20 | പി.എച്ച്.സി. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-മരാമത്ത് ചട്ടങ്ങൾ അവഗണിച്ച് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു |
| 1-21 | സ്ട്രീറ്റ്ലൈറ്റ് (ഓട്ടോമാറ്റിക് )വാങ്ങൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 1-22 | ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല |
| 1-23 | മലയിഞ്ചിപ്പാറ അങ്കണവാടി പൂർത്തീകരണം-അപാകതകൾ |
| 1-24 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-അപാകതകൾ |
| 1-25 | ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ്. വാങ്ങൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 1-26 | സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 1-27 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-അവലോകനം |
| 1-28 | ആശ്രയ/അഗതിരഹിത കേരളം-ഫണ്ട് ലഭ്യമായിട്ടും പദ്ധതി നടപ്പാക്കുന്നില്ല |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പി.എച്ച്.സി. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-ഒരേ ടാക്സ് ഇൻവോയ്സുകൾ ഉൾപ്പെടുത്തി രണ്ടുതവണ പണം പിൻവലിച്ചു |
| 3-2 | ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ്. വാങ്ങൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 3-3 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-അപാകതകൾ |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |

| | |
|---|---|
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ്-31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 05.02.2019ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർഥ വരവുചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 59,01,563 | 95,01,503 |
| വരവ് | 10,35,51,000 | 6,21,86,539 |
| ആകെ | 10,94,52,563 | 7,16,88,042 |
| ചെലവ് | 10,42,83,997 | 6,23,04,217 |
| നീക്കിയിരിപ്പ് | 51,68,566 | 93,83,825 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,58,20,118 | 1,58,20,118 | 1,29,81,855 | 28,38,263 | 82 |
| വികസനഫണ്ട് എസ്.സി.പി. | 0 | 23,66,000 | 23,66,000 | 10,48,692 | 13,17,308 | 44.32 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12,46,000 | 12,46,000 | 8,32,611 | 4,13,389 | 66.82 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 96,69,000 | 96,69,000 | 30,94,281 | 65,74,719 | 32 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 36,70,837 | 36,70,837 | 25,71,474 | 10,99,363 | 70 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 1,033 | 1,17,86,079 | 1,17,87,112 | 1,17,86,831 | 281 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 51,03,373 | 78,14,337 | 1,29,17,710 | 99,20,188 | 29,97,522 | 76.79 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 84,81,295 | 84,81,295 | 69,19,655 | 15,61,640 | 81.5 |
| ബി ഫണ്ട് | 0 | 1,50,000 | 1,50,000 | 1,50,000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | * | 37,64,203 | | 61,69,426 | * | |

തനതുഫണ്ട് അക്കൗണ്ടുകളിൽ തനതുഫണ്ടായി കണക്കാക്കാൻ പറ്റാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ തനതുഫണ്ടിനത്തിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല-1.22 കോടി രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു**

വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഇനങ്ങളിലായി 1,22,43,042 രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

| ഇനം | നഷ്ടമായ തുക |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 28,38,263 |
| എസ്.സി.പി. | 13,17,308 |
| ടി.എസ്.പി. | 4,13,389 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 65,74,719 |
| സംരക്ഷണഗ്രാന്റ്(നോൺ റോഡ്) | 10,99,363 |
| **ആകെ** | **1,22,43,042** |

ഭേദഗതി കൂടാതെ തുടരുന്ന സ്പിൽഓവർ പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കായും വിനിയോഗിക്കാമായിരുന്ന 1.22 കോടി രൂപ ആത്യന്തികമായി നഷ്ടമായി. ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40,320 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 32,20,800 | 251 |
| വിധവാപെൻഷൻ | 76,40,900 | 613 |
| വാർദ്ധക്യകാലപെൻഷൻ | 1,47,84,200 | 1194 |
| വികലാംഗപെൻഷൻ | 33,07,100 | 262 |
| അവിവാഹിത പെൻഷൻ | 6,50,000 | 58 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,50,000 | 5 |

**സി) ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

2018-19 സാമ്പത്തിക വർഷം സാങ്കേതികാനുമതി ലഭിച്ചത് ആകെ 109 പദ്ധതികൾക്കാണ്. തൻ വർഷം 61 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 14 ഗ്രാമ സഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള 154 അയൽക്കൂട്ടങ്ങളിൽ മുഴുവൻ അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. ആകെ 38211 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മഴക്കുഴി നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം, കയ്യാല നിർമ്മാണം എന്നിവയാണ് പ്രധാനമായും നടപ്പിലാക്കിയത്.

2018-19 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1033 |
| വരവ് | ഇ.എഫ്.എം.എസ്.വരവ് | 1,17,85,189 | 1,17,86,831 |
| | ക്യാഷ് വരവ് പലിശ ഉൾപ്പെടെ | 890 | |
| ചെലവ് | തൊഴിലാളികലുടെ വേതനം | 1,05,61,593 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 4,12,750 | |
| | ഉപകരണങ്ങളുടെ വില, വാടക(മെറ്റീരിയൽ ചെലവ്) | 4,98,326 | |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പെടെ) | 3,14,162 | |
| നീക്കിയിരിപ്പ് | | 281 | |

## 1-3 പദ്ധതി അവലോകനം

2018-19 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|---|---|---|
| 187 | 9,33,26,039 | 133 | 4,28,83,806 | 54 | 71 | 45.9 |

പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി യോഗം | |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 10.02.2018 മുതൽ 27.10.2018 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 23.02.2018 |
| ഊരുകൂട്ട ഗ്രാമസഭ | 21.02.2018 മുതൽ 30.04.2018 വരെ |
| വർക്കിംഗ് ഗ്രൂപ്പുകൾ | 03.03.2018 മുതൽ 03.10.2018 വരെ |
| സ്ത്രീകളുടെയും കുട്ടികളുടെയും ഗ്രാമസഭ | 24.02.2018 |

13-ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ

ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 30.03.2018 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു.

**പദ്ധതി നിർവ്വഹണം**

അംഗീകാരം കിട്ടിയതിൽ സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പടെ 187 പ്രോജക്റ്റുകൾക്ക് വേണ്ടിയാണ് തൻവർഷം തുക വകയിരുത്തിയിട്ടുള്ളത്. ചെലവ് തുക 4,28,83,806/- രൂപ. വാർഷികപദ്ധതിയിൽ വിവിധ നിർവഹണോദ്യോഗസ്ഥരുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 5,74,133 | 3,33,112 | 58 |
| വെറ്ററിനറി സർജൻ | 7 | 7 | 40,87,500 | 30,05,000 | 73 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 2 | 12,06,837 | 8,55,427 | 70 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 1,00,000 | 0 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 2,50,000 | 2,50,000 | 100 |
| വി.ഇ.ഒ | 8 | 6 | 4,79,72,280 | 1,76,96,300 | 36 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 41,59,900 | 3,36,762 | 80 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 12,00,000 | 5,62,569 | 46 |
| സെക്രട്ടറി | 17 | 16 | 32,23,374 | 30,34,082 | 94 |
| എച്ച്.എം | 4 | 3 | 7,54,000 | 3,62,004 | 48 |
| എ.ഇ | 125 | 80 | 2,81,92,815 | 1,24,37,398 | 44 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 16,05,200 | 8,80,752 | 54.8 |
| ആകെ | 187 | 133 | 9,33,26,039 | 4,28,83,806 | 45.9 |

**പദ്ധതിചെലവ് കേവലം 45.9%**

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് ആകെ പദ്ധതി വിഹിതത്തിന്റെ 45.9 ശതമാനം തുകകൾ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന 45 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. കൂടാതെ അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ, കൃഷി ഓഫീസർ, എച്ച്.എം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ച തുകകൾ പരിമിതമാണ്.

ഭരണ സമിതിയുടെയും മറ്റ് കമ്മിറ്റികളുടെയും പദ്ധതികളുടെ മോണിറ്ററിംഗിൽ കാര്യമായ ശ്രദ്ധ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം**

വിവിധ വിഷയമേഖലകളിലായി **12** വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണപ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി ഇടപെട്ടിട്ടുണ്ടെങ്കിലും പദ്ധതിനിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും അവസ്ഥാവിശകലനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിലും നിയമാനുസൃതചുമതല നിറവേറ്റിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗവിവരങ്ങളുടെ മിനിറ്റ്സ് യഥാവിധി തയ്യാറാക്കി ആധികാരികമാക്കിയിട്ടില്ല. **2018-19 വർഷം ആകെ ഒരു തവണ(3.3.18ൽ) മാത്രമാണ് വർക്കിഗ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്. പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ മോണിറ്ററിംഗ് യൂണിറ്റായി വർക്കിഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതാണ്.**

**സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണപരവും വികസനപരവും ക്ഷേമപരവുമായ കാര്യങ്ങൾ കാര്യക്ഷമവും സുതാര്യവും കുറ്റമറ്റതും ഏറ്റവും വേഗത്തിലുമാക്കുന്നതിന് സഹായിക്കുന്ന നിയമപരമായ സംവിധാനമാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ഭരണപരമായ കാര്യങ്ങളൊഴികെയുള്ള സംഗതികളിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം വാർഷിക പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച പദ്ധതികൾ നിർവ്വഹണം നടത്തുന്നതിനും പദ്ധതി ചെലവ് ശതമാനം ഉയർത്തുന്നതിനുമായി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരോടും നിർദ്ദേശിക്കുന്നതിന് ജനറൽ കമ്മറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി ചെലവ് ശതമാനം ഉയർത്തുന്നതിന് സാധിച്ചില്ല. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും അതിന് ചുമതലപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് പ്രസ്തുത തീരുമാനങ്ങൾ ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നുണ്ടെങ്കിലും പ്രധാനപ്പെട്ട പല തീരുമാനങ്ങളും പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**പ്രോജക്ട് നിർവ്വഹണം**

എല്ലാ മേഖലയിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്ര പുരോഗതി മുൻനിർത്തിയുള്ള നൂതനമായ പദ്ധതികളൊന്നും തന്നെയില്ല. പദ്ധതി അടങ്കലിന്റെ ആകെ 58 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കാതെ പദ്ധതി വിഭാവനം ചെയ്തതാണ് ചെലവ് കുറയാൻ ഇടയാക്കിയത്.

പി.എച്ച്.സി അടിസ്ഥാന സൗകര്യ വികസനം എന്ന പ്രോജക്ടിന്റെ നിർവഹണോദ്യോഗസ്ഥനായി മെഡിക്കൽ ഓഫീസറെ (പി.എച്ച്.സി) നിയോഗിച്ചത് വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും തെറ്റായ തീരുമാനത്തിന്റെ ഫലമാണ്. പ്രോജക്ടിന്റെ നടപടിക്രമങ്ങൾ പാലിക്കുന്നതിലും ടി പ്രവൃത്തി നടപ്പാക്കിയതിലും മോണിട്ടർ ചെയ്തതിലും നിർവ്വഹണോദ്യോഗസ്ഥനോടൊപ്പം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും

ഭരണസമിതിയും വീഴ്ച വരുത്തിയിട്ടുണ്ട്.

സെക്രട്ടറി നിർവഹിച്ച ഓട്ടോമാറ്റിക് സ്ട്രീറ്റ്ലൈറ്റുകൾ വാങ്ങൽ എന്ന പ്രോജക്ടിൽ വാങ്ങിയ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിച്ച പ്രദേശങ്ങൾ/പോസ്റ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തത് പ്രോജക്ട് നിർവ്വഹണത്തിലെ അപാകതയാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ റോഡ് കോൺക്രീറ്റിഗ് ജോലികളാണ് പ്രധാനമായും നടപ്പിലാക്കിയത്. സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂൾ, പെരിങ്ങളം സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ, കുന്നോന്നി സെന്റ് ജോസഫ് എൽ.പി. സ്കൂൾ, മലയിഞ്ചിപ്പാറ സെന്റ് ജോസഫ് സ്കൂൾ, ഇടമല സി.എം.എസ് സ്കൂൾ, പൂഞ്ഞാർ സെന്റ് ആന്റണീസ് എൽ.പി സ്കൂൾ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം വിഭാവനം ചെയ്തിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

പദ്ധതികൾ പഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിയെ മുൻനിർത്തി വിഭാവനം ചെയ്യേണ്ടതും അവ കൃത്യമായി നടപ്പിലാക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും മോണിറ്ററിഗ് ഉണ്ടാകേണ്ടതാണ്.

## 1-4 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തര നിയന്ത്രണസംവിധാനം വിലയിരുത്തിയതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) സാംഖ്യാ രസീതുകളുടെയും മാനുവൽ രസീതുകളുടെയും വിനിയോഗവും സൂക്ഷിപ്പും തൃപ്തികരമല്ല.
2) സഞ്ചയ ഡാറ്റാ ബേസ് പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിട്ടില്ല.
3) സാങ്കേതികാനുമതി ലഭിക്കാത്ത മരാമത്ത് പ്രവൃത്തി നടപ്പാക്കി.
4) ലൈസൻസ് ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ല.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2019 ൽ 3.30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,085/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2019 | 02/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2019 - 14.03.2019 | 2013-14 മുതൽ 2017-18 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/I/ 8എ-211/2018-19/18 തീയതി 10.04.19 |

## 1-7 വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും അവലോകനവും

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 31.03.2018 ലെ കാപ്പിറ്റൽ കോൺട്രിബ്യൂഷനായി ചേർത്തിരിക്കുന്ന തുകയിലും കുറഞ്ഞ തുകയാണ് 31.3.2019 ലെ കാപ്പിറ്റൽ കോൺട്രിബ്യൂഷനായി ചേർത്തിട്ടുള്ളത്. (31.3.2018 ലെ കാപ്പിറ്റൽ കോൺട്രിബ്യൂഷനോട് കൂടി തൻവർഷത്തെ ആസ്തിമൂല്യവും (RP 38), തൻവർഷത്തെ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസും (RP 40) ചേർന്ന തുകയാണ് 31.3.2019 ലെ കാപ്പിറ്റൽ കോൺട്രിബ്യൂഷനായി വരേണ്ടത്.
2. ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതിയിനത്തിലെ കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാലും മുൻവർഷങ്ങളിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം വർഷാന്ത്യങ്ങളിൽ സംഗ്രഹിച്ചിട്ടില്ലാത്തതിനാലും മൂല്യശോഷണം കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.
4. തനത് ഫണ്ടിൽ നിന്നും നൽകിയ മൂന്ന് മാസത്തിലധികം പഴക്കമുള്ളതും കാലഹരണപ്പെട്ടതുമായ താഴെപ്പറയുന്ന ചെക്കുകൾ പണമാക്കാത്ത ചെക്കുകളുടെ ഇനത്തിലുള്ള ബാദ്ധ്യത എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

| അക്കൗണ്ട് | ചെക്ക് നം./തീയതി | തുക |
|---|---|---|
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 10204/16.08.17 | 850 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 12390/21.05.18 | 379 |

## 1-8 രശീതികളുടെ ഉപയോഗത്തിലും പണം പിരിവിലും അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ)നം.1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്)നം.150/2009/തസ്വഭവ തീയതി 1.8.2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള സാംഖ്യാ രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്റ്റേഷനറി നം. | രശീതി നം. | തുക |
|---|---|---|---|
| 1 | 5734842 | 1118010400008/ 02.05.19 | 7,250 |
| 2 | 5734881 | 03/19 | |
| 3 | 5735103 | 03/19 | |
| 4 | 5736283 | 119010100801/16.07.19 | 2,000 |

2) 5736754 എന്ന സ്റ്റേഷനറി നമ്പർ ഉള്ള സാംഖ്യ രസീതിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

3) സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ ഉപയോഗിക്കാതെ അവശേഷിച്ചിരുന്ന രസീതുകൾ ക്യാൻസൽ ചെയ്യാതെ തുടർ വർഷങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | രസീത് ബുക്ക് നം. | അനുവദിച്ച സാമ്പത്തിക വർഷം | ഉപയോഗിച്ച സാമ്പത്തിക വർഷം | ഉപയോഗിച്ച രസീതുകൾ |
|---|---|---|---|---|---|
| 1 | അസിസ്റ്റൻറ് എഞ്ചിനീയർ | 40274 | 2017-18 | 2018-19 | 59-73 |
| 2 | അസിസ്റ്റൻറ് എഞ്ചിനീയർ | 40275 | 2017-18 | 2019-20 | 1-22 |
| 3 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5747 | 2017-18 | 2018-19 | 19-30 |

4) താഴെ പറയുന്ന മാന്വൽ രശീതികൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്യുകയോ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.

| ബുക്ക് നം. | രശീതി നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 5758 | 1-100 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5751 | 9-100 | വി.ഇ.ഒ. |

ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിന് ശേഷം മാത്രമാണ് പ്രസ്തുത രസീത് ബുക്കുകൾ തിരികെ ഏൽപ്പിച്ചത്. ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷത്തിന് ശേഷം തിരികെ ലഭിക്കാതിരുന്നിട്ടും യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് ഉചിതമല്ല. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

5) കേരള ട്രഷറി കോഡ് ഭാഗം 1 ആർട്ടിക്കിൾ 7(2) പ്രകാരം അതാത് ദിവസത്തെ പിരിവ് തുകകൾ അതാത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ലൈബ്രറിയുടെ വരവുകളുടെ രസീതുകൾ പരിശോധിച്ചതിൽ ദിവസേനയുള്ള കളക്ഷൻ തുകകൾ പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം കാണുന്നു.

| തുക ലൈബ്രറിയിൽ സ്വീകരിച്ച തീയതി | കളക്ഷൻ തുക | പഞ്ചായത്തിൽ അടവാക്കിയ തീയതി | അടവാക്കിയ തുക |
|---|---|---|---|
| 19.09.18 | 60 | 25.09.18 | 60 |
| 13.12.18 | 60 | 17.12.18 | 60 |

| | | | |
|---|---|---|---|
| 22.12.18 | 60 | 29.12.18 | 60 |
| 15.01.19 | 60 | 19.01.19 | 60 |
| 29.01.19 | 240 | 02.02.19 | 240 |
| 16.04.19 | 100 | 16.04.19 | 60 |
| | | 29.04.19 | 40 |
| 18.06.19 | 100 | 11.07.19 | 100 |
| 13.08.19 | 200 | 08.11.19 | 160 |
| | | 11.11.19 | 40 |
| 15.08.19 | 60 | 07.10.19 | 60 |

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/18.11.19) മറുപടിയായി ഉപഖണ്ഡിക 1, 2, 4 എന്നിവ പ്രകാരമുള്ള അപാകതകൾ പരിഹരിച്ച് നൽകിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും ഉപയോഗത്തിന് ശേഷം ബാക്കി വരുന്ന രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതും ഉപയോഗിക്കാത്ത രസീത് ബുക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. ഒരു സാമ്പത്തിക വർഷത്തെ വരവ് ആ സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത രസീത് ബുക്കുകളിൽ മാത്രമേ സ്വീകരിക്കാവൂ. അതാത് ദിവസത്തെ പിരിവ് തുകകൾ അതാത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. രശീതികളുടെ സൂക്ഷിപ്പിലെ അപാകതകൾ അവയുടെ ദുരുപയോഗത്തിന് കാരണമാകുമെന്നിരിക്കെ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല

പഞ്ചായത്ത് ഡയറക്ടറുടെ 23.01.18ലെ സി3-6865/11 നമ്പർ സർക്കുലറിൽ വസ്തു നികുതി വിവരങ്ങൾക്കായുള്ള സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് അന്തിമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങളിന്മേലുള്ള നിലവിലെ സ്ഥിതി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/18.11.19) നാളിതുവരെ ശ്രദ്ധയിൽപ്പെട്ട അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഡേറ്റാ പ്യൂരിഫിക്കേഷൻ സൈറ്റ് ഓപ്പൺ ആകുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ചില അപാകതകൾ കൂടി വ്യക്തമായിട്ടുണ്ട്.

1) കെട്ടിടങ്ങളുടെ ഉപയോഗക്രമം നിർണ്ണയിച്ചിരിക്കുന്നതിൽ അപാകതകൾ കാണുന്നു. 2017-18 വർഷം ഓഡിറ്റ് റിപ്പോർട്ടിൽ തെറ്റായി ഉപയോഗക്രമം നിർണ്ണയിച്ചിരിക്കുന്ന എന്ന പരാമർശത്തിൽ വന്നിരിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടേയും ഉപയോഗക്രമം ശരിയായി നിർണ്ണയിച്ചിട്ടില്ല. ഉദാ. I/148 നമ്പർ കെട്ടിടം പാർപ്പിടാവശ്യം എന്ന് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.

2) നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് സഞ്ചയയിൽ നികുതി ഇളവ് നൽകിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഉദാ. XIV/33 നമ്പർ മതപാഠശാല കെട്ടിടം.

3) വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തെ സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാ. X/328 സ്കൂൾ കെട്ടിടം പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം നിലവിലുള്ള അപാതകളെല്ലാം പരിഹരിച്ച് സഞ്ചയ സോഫ്റ്റ്വെയറിലെ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഋഷി ഹെറിറ്റേജ് വില്ലേജ്, ജലനിധി ഓഫീസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/13.11.19) ഋഷി ഹെറിറ്റേജ് വില്ലേജ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ജലനിധി ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി 119010100020/05.04.19 പ്രകാരം ഈടാക്കിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.

എ) ഋഷി ഹെറിറ്റേജ് വില്ലേജ് എന്ന സ്ഥാപനം സംബന്ധിച്ച പരാമർശം 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടും 2018-19 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് പഞ്ചായത്തിൽ നിന്ന് നടപടികൾ സ്വീകരിച്ചിരുന്നില്ല. മേൽ സ്ഥാപനത്തിലെ ജീവനക്കാരെ കൂടി തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

ബി) 2017-18 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ പ്രകാരം 2017-18 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയാണ് 119010100020/05.04.19 രസീത് പ്രകാരം പിഴ സഹിതം ഈടാക്കിയിട്ടുള്ളത്. ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക രേഖപ്പെടുത്താനാവാത്തതിനാലാണ് രസീതിൽ 2018-19 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-11 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ല. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 ഇനം 149പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിക്കുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ്

കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-12 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷം പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ 217 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 615 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 41 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 2 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 1 |
| ഓഫീസ് ആവശ്യം | 47 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 81 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 15 |
| **ആകെ എണ്ണം** | **803** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 803 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 217 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 ലൈസൻസ് - ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടത്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.

നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4,000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ ലൈസൻസ് അനുവദിച്ചത് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
2. അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്. തന്മൂലം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല.

**ഓഡിറ്റ് നിർദ്ദേശം**

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് അപേക്ഷകൾ വിതരണം ചെയ്യേണ്ടതും ലൈസൻസ് നൽകേണ്ടതുമാണ്.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതും ആയതിനുസരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.
ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സത്വരശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും 2012 കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ

പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. എന്നാൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയായി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | V/29 A | കെ.ടി.കുട്ടപ്പൻ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 2 | V/236 A | ജോൺ കെ. ആൻറണി | ലൈവ് സ്റ്റോക്ക് ഷെഡ് |
| 3 | V/291 B | ബിജു മാത്യു | കോഴി വളർത്തൽ ഷെഡ് |
| 4 | VI/30 A | പരമേശ്വരൻ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 5 | VI/325 B | ജോർജ് തോമസ് | കോഴി വളർത്തൽ ഷെഡ |
| 6 | XIII/310 A | ജോസഫ് കുര്യൻ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 7 | XIII/11 | സന്തോഷ് വി.വി. | കോഴി വളർത്തൽ ഷെഡ് |
| 8 | XII/322 A | ജോസ് ലൂക്കോസ് | കോഴി വളർത്തൽ ഷെഡ് |
| 9 | XII/118 A | ടോം ജേക്കബ് | കോഴി വളർത്തൽ ഷെഡ് |
| 10 | IX/437 A | ദീപ്തി ഫ്രാൻസിസ് | കോഴി വളർത്തൽ ഷെഡ് |
| 11 | IX/152 A | ബെറ്റി നൈസ് | കോഴി വളർത്തൽ ഷെഡ് |
| 12 | VIII/236 | തോംസൺ ജോർജ് | കോഴി വളർത്തൽ ഷെഡ് |
| 13 | VI/347 A | ചിന്നമ്മ ഡേവിഡ് | കോഴി വളർത്തൽ ഷെഡ് |
| 14 | VI/330 B | ഫ്രഞ്ചു കുര്യൻ | കോഴി വളർത്തൽ ഷെഡ് |
| 15 | VI/330 C | ഫ്രഞ്ചു കുര്യൻ | കോഴി വളർത്തൽ ഷെഡ് |
| 16 | II/213 A | സ്കറിയ സ്കറിയ | കോഴി വളർത്തൽ ഷെഡ് |
| 17 | XIII/359 B | ജോൺ തോമസ് | കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 18 | XIV/180 | ബാബു ജോസഫ് | കോഴി വളർത്തൽ ഷെഡ് |

കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 പ്രകാരം 100 കോഴികളിൽ കൂടുതൽ ഉണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുക്കേണ്ടതാണ്. ഇപ്രകാരം കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വളർത്തുന്ന കോഴികളുടെ എണ്ണം ലഭ്യമാക്കുവാൻ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചും ലൈവ് സ്റ്റോക്ക് ഷെഡുകളായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ചും നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/13.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെക്കുറിച്ചറിയുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മേൽ ഫാമുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും നിയമാനുസൃതമുള്ള അടിസ്ഥാന സൗകര്യങ്ങളോടെയാണ് ഫാമുകൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വാടക ലഭിക്കുന്നില്ല

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട് കടമുറികൾ നിലവിൽ വില്ലേജ് ഓഫീസായി പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന് കൈമാറ്റം ചെയ്ത സ്ഥാപനമല്ലാത്തതുകൊണ്ട് പഞ്ചായത്തിന് വാടക നൽകി മാത്രമേ സ്ഥാപനം പ്രവർത്തിക്കാവൂ. 2015 ൽ ആരംഭിച്ച സ്ഥാപനത്തിൽ നിന്നും നാളിതുവരെ വാടക ലഭിച്ചിട്ടില്ല. പൂഞ്ഞാർ പഞ്ചായത്ത് സെക്രട്ടറി 14.03.19 ലെ എ3-350/19 നമ്പർ കത്ത് മുഖേന വാടക സംബന്ധിച്ച് പാലാ താലൂക്ക് ഓഫീസ് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. വാടക നൽകാതെ ഒരു സ്ഥാപനം പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു. മേൽ കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-16 തടി ലേലം അടിയന്തിരമായി പൂർത്തിയാക്കണം

അപകടാവസ്ഥയിൽ നിന്നിരുന്ന തേക്ക് മരം മുറിച്ച് തടികൾ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അടുക്കി വച്ചിട്ടുണ്ട്. മേൽ തേക്ക് തടികൾ 10.12.18, 07.01.19 എന്നീ തീയതികളിൽ ലേലം, പുനർലേലം എന്നിവ നടത്തിയിരുന്നെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. തടികൾ ലേലം ചെയ്യുന്നതിനായി സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/14.11.19) ലേലം, പുനർലേലം എന്നിവയിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ കോട്ടയം സോഷ്യൽ ഫോറസ്ട്രി വകുപ്പ് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും തടികളുടെ പുനർ വാല്യുവേഷന് വേണ്ടി 25.10.19 ൽ കത്ത് നൽകുകയും ഗുണനിലവാരം കുറഞ്ഞ തടിക്ക് ആയതിന് അനുസരിച്ചുള്ള വിലയേ ലഭിക്കുകയുള്ളൂ എന്നും തടിയുടെ വിശദാംശങ്ങൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തി പുനർലേലം നടത്തി ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ലേലം സ്ഥിരപ്പെടുത്തി നൽകാവുന്നതാണ് എന്ന് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടുതൽ കാലം വെയിലും

മഴയുമേറ്റ് കിടക്കുന്നത് തടിയുടെ ഗുണനിലവാരം കുറയുന്നതിനും തന്മൂലം ലേലത്തിലൂടെ ലഭിക്കാവുന്ന തുക കുറയുന്നതിനും ഇടയാക്കുന്നതാണ്. 07.01.19 ന് പുനർലേലം നടത്തിയശേഷം 25.10.19 നാണ് പിന്നീട് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പത്ത് മാസത്തോളം ലേല നടപടികൾക്കുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നില്ല. ലേല നടപടികൾ ആരംഭിച്ചിട്ട് നിലവിൽ ഒരു വർഷത്തോളമായതിനാൽ ഇനിയും കാലതാമസം കൂടാതെ ലേലനടപടികൾ പൂർത്തിയാക്കി തുക തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

### 1-17 ലേല നടപടിക്രമങ്ങൾ നടത്താതെ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവിടങ്ങളിലെ പിരിവ് ഏൽപിച്ചിരിക്കുന്നു

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവിടങ്ങളിലെ പിരിവ് നടത്തുന്നതിന് ലേല നടപടിക്രമങ്ങൾ നടത്താതെ നിലവിൽ തുടർന്നുവരുന്നവരെ തന്നെ ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ ബസ്സ്റ്റാന്റ് പിരിവ് റോസമ്മ ദേവസ്യ, പാറയിൽ എന്നയാൾക്ക് 2017-18 വർഷം 18,000 രൂപയ്ക്കാണ് നൽകിയിരുന്നത്. എന്നാൽ 2018-19 വർഷം 2017-18 നേക്കാൾ കുറവ് തുകയായ 17850 രൂപയ്ക്കാണ് നൽകിയിരിക്കുന്നത്.

മേൽ അപാകതകൾക്കും ബസ്സ്റ്റാൻറ് പിരിവിന് ലേല തുക നിശ്ചയിക്കുന്നത് എന്തിനെ ആധാരമാക്കിയാണ് എന്നത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/14.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക തുക ഓരോ വർഷവും വർദ്ധിപ്പിക്കുന്നതുപോലെ ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവിടങ്ങളിലെ പിരിവ് നടത്തുന്നതിന് ഓരോ വർഷവും 5% തുക വർദ്ധനവിൽ നൽകുന്നതായാണ് കാണുന്നത്. ലേല നടപടിക്രമങ്ങൾ നടത്തിയെങ്കിൽ മാത്രമേ ലേല തുക നിർണ്ണയിക്കുന്നതിന് ഒരു മത്സര സ്വഭാവം ഉണ്ടാകുകയും ഉയർന്ന തുക ലേല നടപടിയിൽ പഞ്ചായത്തിന് ലഭ്യമാകുകയുമുള്ളൂ.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവിടങ്ങളിലെ പിരിവ് നടത്തുന്നതിനുള്ള അനുമതി വരും വർഷങ്ങളിൽ ലേല നടപടിക്രമങ്ങളിലൂടെ നടത്തേണ്ടതാണ്.
2. 2018-19 സാമ്പത്തിക വർഷം കുറവ് തുകയ്ക്ക് ബസ്സ്റ്റാന്റ് പിരിവിന് അനുമതി നൽകിയതിനുള്ള അപാകത പരിഹരിക്കേണ്ടതാണ്.
3. സ്റ്റാന്റിൽ കയറുന്ന ബസുകളുടെ എണ്ണം എടുക്കുന്നതിനും ഓരോ ബസിൽ നിന്നും ഈടാക്കുന്ന തുകയ്ക്ക് അനുസൃതമായി ലേല തുക നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റെടുക്കാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്ക്കരിക്കാം. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 11.11.2015 ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് 229813/ആർ.ഡി2/15 നമ്പരായി നൽകിയിട്ടുള്ള സ്പഷ്ടീകരണ കത്തിൽ ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പെർമിറ്റെടുക്കാതെയുള്ള താഴെപ്പറയുന്ന നിർമ്മാണങ്ങളുടെ ക്രമവത്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയത്.

| ക്രമ നം. | അപേക്ഷകന്റെ പേര് | വീട്ടു നമ്പർ | വിസ്തീർണ്ണം (m2) | ഉപയോഗ ക്രമം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | ലിനോ തോമസ് | XIV/158 B | 330.5 | കോഴിവളർത്തൽ ഷെഡ് | 4,958 | 491 | 4,467 |
| 2 | ടോജോ എം. തോമസ് | XIV/ 25 A | 118.29 | പാർപ്പിടാവശ്യം | 1,065 | 710 | 355 |
| 3 | കെ.കെ. മോഹനൻ | XIV/283 B | 84.12 | ഇതര വ്യവസായങ്ങൾ | 1,262 | 505 | 757 |
| 4 | എം.ജി.സോമൻ | V/123B | 175.55 | പാർപ്പിടാവശ്യം | 1,580 | 1053 | 527 |
| 5 | ജോസഫ് ജോർജ്ജ് | VIII/215 B | 14.4 | സ്റ്റോറേജ് ഷെഡ് | 216 | 87 | 129 |
| 6 | വി.സി.ജോർജ്ജ് | XIV/172 B | 32.54 | സ്റ്റോറേജ് ഷെഡ് | 488 | 195 | 293 |

ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/19.11.19)രണ്ടിരട്ടി തുകയാണ് ക്രമവൽക്കരണ ഫീസായി ഈടാക്കിയിരിക്കുന്നത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. കെട്ടിടങ്ങളിൽ നിന്നും കുറവായി അടവാക്കിയ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതാണ്. തുടർന്നു വരുന്ന വർഷങ്ങളിലും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്.

## 1-19 പങ്കാളിത്ത പെൻഷൻ തുക അടവാക്കിയിട്ടില്ല

ജി.ഒ(പി) നം.84/2018 /08.07.2018 പ്രകാരം 01.07.2017 മുതൽ 31.05.2018 വരെയുള്ള ഡി.എ കുടിശ്ശിക ഒരു ശതമാനം അനുവദിച്ചതിലും ശമ്പള പരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡു അനുവദിച്ചതിലും എൻ.പി.എസ് പദ്ധതി പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.2, 13)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് അനുസരിച്ച് എൻ.പി.എസ് വിഹിതം ഒടുക്കാത്ത ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡി.എ കുടിശ്ശിക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ എൻ.പി.എസ് ഒടുക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ.

| ജീവനക്കാരൻ | എൻ.പി.എസ് വിഹിതം അടവാക്കേണ്ടത് |
|---|---|
| ട്രീസ ബെഞ്ചമിൻ അലക്സ് | 246 |
| അനുപം എസ്. ഷാജ് | 210 |
| ജോബി മാത്യു | 246 |

2) ശമ്പള നിർണ്ണയ കുടിശ്ശികയുടെ നാലാം ഗഡു അനുവദിച്ചതിൽ എൻ.പി.എസ് വിഹിതം ഒടുക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ.

| ജീവനക്കാരൻ | എൻ.പി.എസ് വിഹിതം അടവാക്കേണ്ടത് |
|---|---|
| ട്രീസ ബെഞ്ചമിൻ അലക്സ് | 653 |
| ലിംനാ ബീഗം എം.എൻ. | 363 |

മേൽപ്പറഞ്ഞ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഇനത്തിൽ അടവാക്കുവാനുള്ള തുക ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 പി.എച്ച്.സി.അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ- മരാമത്ത് ചട്ടങ്ങൾ അവഗണിച്ച് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രോജക്ട് നമ്പർ | 156/19 |
| അടങ്കൽ | 6,06,837 |
| ചെലവ് | 4,55,427 |
| ധനസ്രോതസ് | മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം) |
| ബിൽ നമ്പർ/ തീയതി | 4/8.8.2018 :139636/- |
| | 6/4.10.2018 :195880/- |
| | 9/28.12.2018 :119911/- |

പി.എച്ച്.സിയിൽ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പ്രോജക്ടുപ്രകാരം ഇന്റീരിയർ ഫർണിഷിംഗ്, ഫാർമസി ബ്ലോക്കിന്റെ പഴയ ചുമരുകളുടെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫാർമസി സ്റ്റോറിന്റെ മേൽക്കൂരയിലെ ഓട് മാറ്റി ജി.ഐ ഷീറ്റ് സ്ഥാപിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഫാർമസി ബ്ലോക്കിന്റെയും ഇടയിലുള്ള സ്ഥലത്ത് മഴവെള്ളം പതിക്കുന്നത് തടയുന്നതിനുള്ള ക്രമീകരണങ്ങൾ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 6-1 പ്രകാരം വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെയും അതിനു സാങ്കേതികാനുമതി ലഭിക്കാതെയും ഒരു പൊതുമരാമത്തു പ്രവൃത്തിയും ആരംഭിക്കുവാൻ പാടില്ല. വിശദമായ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് എഞ്ചിനീയറുടെ മേൽനോട്ടത്തിലും ചുമതലയിലും തയ്യാറാക്കണമെന്ന് പ്രസ്തുത ചട്ടത്തിലെ ചട്ടം 6(2)ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ പ്രോജക്ടിനുവേണ്ടി വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുകയോ സാങ്കേതികാനുമതി ലഭ്യമാക്കുകയോ ചെയ്തിരുന്നില്ല.

അംഗീകാരം ലഭിച്ച പ്രോജക്ടിൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പി.എച്ച്.സിയിൽ പ്രവൃത്തി നിർവഹിക്കുന്നതിന്

ഗുണഭോക്തൃസമിതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നില്ല.

കേരള പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 8(3)ൽ അടിയന്തിരസ്വഭാവമുള്ള പ്രവൃത്തികൾ നിർവഹിക്കുന്നതിന് ടെൻഡർ ആവശ്യമില്ലാത്തതും അത്തരം പ്രവൃത്തികൾ ഷോർട്ട് നോട്ടീസ് ക്വട്ടേഷൻ മുഖേനയോ പഞ്ചായത്തിന് നേരിട്ടോ നിർവ്വഹിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം പ്രവൃത്തി നടപ്പാക്കേണ്ടിവന്നത് അടിയന്തിരഘട്ടത്തിലാണെന്ന് വ്യക്തമാക്കുവാൻ ഭരണസമിതിയ്ക്കോ നിർവ്വഹണോദ്യോഗസ്ഥനോ സാധിച്ചില്ല.

സാങ്കേതിക പരിജ്ഞാനം ആവശ്യമായതും എഞ്ചിനീയറിംഗ് വിഭാഗം നിർവഹിക്കേണ്ടതുമായ മരാമത്തുപ്രവൃത്തി മെഡിക്കൽ ഓഫീസർ നിർവഹിച്ച സാഹചര്യം വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. എക്സ് വിഷൻ തൊടുപുഴ, ഗായത്രി എഞ്ചിനീയറിംഗ് വർക്സ് പൂഞ്ഞാർ എന്നീ സ്ഥാപനങ്ങൾ മുഖേന മെഡിക്കൽ ഓഫീസർ നേരിട്ടു നിർവഹിക്കുകയാണ് ചെയ്തത്. ക്വട്ടേഷൻ/ ടെൻഡർ ക്ഷണിക്കാതെ ടി സ്ഥാപനങ്ങളെ എപ്രകാരമാണ് തെരെഞ്ഞെടുത്തതെന്ന് ഫയലിൽനിന്ന് വ്യക്തമല്ല.

കേരള പി.ഡബ്ല്യൂ.ഡി മാന്വൽ 2211.2 പ്രകാരം 50,000/-രൂപ വരെയുള്ള പ്രവൃത്തികളുടെ അളവുകൾ ഓവർസിയറും അതിനുമുകളിലുള്ളത് എഞ്ചിനീയറുമാണ് രേഖപ്പെടുത്തേണ്ടത്. പ്രവൃത്തി നടത്തിയ തീയതിക്രമത്തിൽ അളവ് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ടി പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം യഥാർത്ഥ അളവ് നിർണ്ണയിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നില്ല. ആയതിനാൽ വാങ്ങിയ സാധനങ്ങളുടെ വില, ലേബർ ചാർജ്, ചെയ്ത പ്രവൃത്തിയുടെ മൂല്യം എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. പ്രവൃത്തിയുടെ ഒരുഘട്ടത്തിലും ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല.

ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ, ഫാർമസി സ്റ്റോറിന്റെ മേൽക്കൂരയുടെ സീലിംഗുകൾ ഇളകി അടർന്നുപോയിട്ടുള്ളതായി കണ്ടു. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിർവഹണോദ്യോഗസ്ഥന് കഴിഞ്ഞില്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്.
കൂടാതെ, ഒരേ ടാക്സ് ഇൻവോയ്സുകൾ ഉപവൗച്ചറുകളായി ഉൾപ്പെടുത്തി രണ്ടുതവണ പണം പിൻവലിച്ചതുമൂലം 12,090/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട് (ഖണ്ഡിക 3-1 കാണുക).

തൻവർഷം ചെലവഴിച്ച 4,55,427/-രൂപയുടെ സംക്ഷിപ്തം താഴെപ്പറയുംപ്രകാരമാണ്.

| ഇനം | തുക | തുക കൈപ്പറ്റിയ സ്ഥാപനം | കുറിപ്പുകൾ |
|---|---|---|---|
| ഇന്റീരിയർ ഫർണിഷിംഗ് | 2,74,326 | എക്സ് വിഷൻ | |
| സാധനങ്ങൾ വാങ്ങിയത് | 44,061 | ഗായത്രി എഞ്ചിനീയറിംഗ് വർക്സ്, പൂഞ്ഞാർ | 56,151/-രൂപയാണ് നൽകിയത്. |
| ലേബർ ചാർജ് | 1,24,950 | ,, | |

2018-2019 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രോജക്ടിന്റെ ഒന്നാംഘട്ടത്തിൽ ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല. ടി പ്രവൃത്തി

നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച 16/15.11.2019 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെയും കൃത്യമായി രേഖപ്പെടുത്തിയ അളവുകളുടെയും അംഗീകൃതനിരക്കിന്റെയും അടിസ്ഥാനത്തിൽ അല്ലാതെ തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയ ഭരണസമിതിയുടെയും ചെലവ് ഓതറൈസുചെയ്ത പ്രസിഡന്റിന്റെയും തുക ചെലവഴിച്ച നിർവഹണോദ്യോഗസ്ഥന്റെയും നടപടി അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ ഒരേ ടാക്സ് ഇൻവോയ്സുകൾ ഉപവൗച്ചറുകളായി ഉൾപ്പെടുത്തി രണ്ടുതവണ പണം പിൻവലിച്ചതുമൂലം അധികം ചെലവഴിച്ച 12,090/-രൂപ കുറച്ച് 4,43,337/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 സ്ട്രീറ്റ്ലൈറ്റ് (ഓട്ടോമാറ്റിക്) വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 4,95,000 |
| ചെലവ് | 4,93,500 |
| ധനകാര്യസ്രോതസ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ/തീയതി | 24/0.1.2019 |

വൈദ്യുത പോസ്റ്റുകളിൽ ഓട്ടോമാറ്റിക് സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക ക്വോട്ടുചെയ്ത ഓമിലക്സ് സർവീസസ്, കോട്ടയം എന്ന സ്ഥാപനത്തിൽനിന്ന് 300 ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിന് 4,93,500/-രൂപ ചെലവഴിച്ചിരുന്നു. ലൈറ്റുകൾ സ്ഥാപിച്ചതായി ടി സ്ഥാപനവും വാർഡ് മെമ്പർമാരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ വാർഡിലും ഏതൊക്കെ വൈദ്യുത പോസ്റ്റുകളിലാണ് ലൈറ്റുകൾ സ്ഥാപിച്ചതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി.യുടെ അനുമതി ഗ്രാമപഞ്ചായത്ത് വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല. ലൈറ്റുകൾക്ക് 2 വർഷത്തെ വാറന്റി ഉണ്ടെങ്കിലും നിയമാനുസൃതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ലാത്തതിനാൽ വാറന്റി കാലയളവിൽ കേടാകുന്ന സ്ട്രീറ്റ്ലൈറ്റുകൾ റിപ്പയർ ചെയ്തുകിട്ടാനുള്ള സാധ്യത ഇല്ലാതാകുന്നു. ലൈറ്റുകൾ സ്ഥാപിച്ച വൈദ്യുതപോസ്റ്റുകളുടെ വിശദാംശങ്ങളും മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണവും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല

പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. വേലമൂല്യത്തിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യുമ്പോൾ കൺവീനർക്ക് നഷ്ടം വരാതിരിക്കാനാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1.7.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി 2%

നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ മാത്രമാണ് റിക്കവറി നടത്തിയിട്ടുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്യണം എന്ന് 16.3.2018 ലെ DB3- 9058/17/CE/LSGD നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | കൺവീനർ | വേലമൂല്യം/ ചെലവ് | കൺവീനർക്ക് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | കുടമുരുട്ടി അങ്കണവാടി മെയിന്റനൻസ് 180/19 | സന്ധ്യമോൾ എം.ആർ. തെക്കേചെരിയാംപുറത്ത് | 36,858<br>ബിൽ നം. 65/18-19/ 27.2.19 | 35,752 | 1,714 |
| 2 | 92/19<br>കാക്കിലികോളനി ഫുട് സ്റ്റെപ്പ് നിർമ്മാണം | സന്തോഷ് ജോസഫ്, വള്ളിയാംതടത്തിൽ | 25,427<br>(തനത് ഫണ്ട് ) | 24,659<br>ചെക്ക് നം. 260818/26.3.2019 | 1,182 |
| 3 | 91/19<br>മൂവേലിപുരയിടം കുളികികടവ് | ദേവസ്യാച്ചൻ, ഏർത്തേൽ | 44,088<br>ബിൽ നം. 64/18-19/ 27.2.19 | 42,765 | 2,051 |
| 4 | 83/19<br>മുരിങ്ങപ്പുറം അങ്കണവാടി അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ | മിനി സി.എസ്.<br>ഉണ്ടത്തിൽ | 49,306<br>ബിൽ നം. 42/18-19/ 11.1.19 | 47,827 | 2,293 |
| 5 | 111/19<br>കൈപ്പള്ളി സേവാഗ്രാം അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ | സണ്ണി തോമസ് തെക്കേൽ | 45,151<br>ബിൽ നം. 36/18-19/ 27.12.18 | 43,796 | 2,100 |
| 6 | 68/19<br>കൈപ്പള്ളി | ആന്റണി ജോസ് വലിയപറമ്പിൽ | 45,482<br>ബിൽ നം. | 44,572 | 2,115 |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടി അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ | | 34/18-19/ 15.12.18 | | |
| 7 | 65/19<br>കളത്വാ അങ്കണവാടി അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ | പി.എൻ.ശശിധരൻ, പ്ലാപ്പള്ളിൽ | 49,456<br>ബിൽ നം. 66/18-19/ 27.2.19 | 47,972 | 2,300 |
| 8 | 93/19<br>പുത്തൻപുരയ്ക്കൽ പുരയിടംഭാഗം ഫുട് സ്റ്റെപ്പ് നിർമ്മാണം | സന്തോഷ് ജോസഫ്, വള്ളിയാംതടത്തിൽ | 33,632<br>(തനത് ഫണ്ട് ) | 32,623<br>ചെക്ക് നം. 2860817/26.3.2019 | 1,564 |
| 9 | 143/19<br>പാതാമ്പുഴ കൃഷിഭവൻ മെയിന്റനൻസ് | മിനി സി.എസ്. തുണ്ടത്തിൽ | 49,695<br>ബിൽ നം. 43/18-19/ 11.1.19 | 48,204 | 2,311 |
| 10 | 139/19<br>ഗാന്ധിനഗർ ഫുട് സ്റ്റെപ്പ് കോൺക്രീറ്റിംഗ് | തോമസ് അഗസ്റ്റ്യൻ, അരീപ്ലാക്കൽ | 43,316<br>ബിൽ നം. 82/18-19/ 25.3.19 | 42,017 | 2,014 |
| 11 | 60/19<br>സി.ജെ.ജോൺ സ്വാതന്ത്ര്യസമര സേനാനി റോഡ് കോൺക്രീറ്റിംഗ് | സജി സി.എസ്., ചിറ്റാനപ്പാറ | 48,055<br>ബിൽ നം. 29/18-19/ 23.11.18 | 46,613 | 2,235 |
| 12 | 94/19<br>വാഴേക്കാട് പച്ചിക്കൽ റോഡ് പാലം മെയിന്റനൻസ് | സണ്ണി തോമസ്, മടിയ്ക്കാങ്കൽ | 27,861<br>(തനത് ഫണ്ട് ) | 27,025<br>ചെക്ക് നം. 2860814/ 14.3.2019 | 1,296 |

ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം കണക്കാക്കിയ (വേലമൂല്യത്തിന്റെ 5%) തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 16.3.2018 ലെ DB3- 9058/17/CE/LSGD

നമ്പർ സർക്കുലർ ലഭ്യമല്ല എന്ന് അറിയിച്ചു. സർക്കുലർ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടില്ല എന്ന മറുപടി അംഗീകരിക്കാനാവില്ല. കൺവീനർമാർക്ക് അധികം നൽകിയ തുകകൾ കരാർ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 മലയിഞ്ചിപ്പാറ അങ്കണവാടി പൂർത്തീകരണം- അപാകതകൾ

പ്രോജക്ട് നം.117/19

അടങ്കൽ- 4,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്- 3,99,938 രൂപ (ബിൽ നം.2/18-19/21.8.2019)

പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 4-ാം ഇനം കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് ആണ്. എം ബുക്ക് നം.15/AE/18-19 പേജ് 7 പ്രകാരം 71.34 m3 മണ്ണ് നിറച്ചതായി അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 12 പ്രകാരം എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തി 69.865 m3 ന് 448.57/m3 നിരക്കിൽ 31,339 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും 10% ടേപ്പ് മെഷർമെന്റിനുള്ള കുറവ് വരുത്തിയിരുന്നില്ല. അനുവദിക്കാവുന്ന മൂല്യം താഴെ ചേർക്കുന്നു.

| ഇനം | അളവ് |
|---|---|
| ഫില്ലിംഗ് നടത്തിയത് | 71.34 m3 |
| (-) ടേപ്പ് മെഷർമെന്റിന് 10% | 7.134 m3 |
| അറ്റ അളവ് | 64.206 m3 |
| മൂല്യം നിർണ്ണയിച്ച അളവ് | 69.865 m3 |
| അധികം അളവ് | 5.659 m3 |
| അധികച്ചെലവ് | 5.659x448.57= 2,538 രൂപ |

ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും 10% ടേപ്പ് മെഷർമെന്റിനുള്ള കുറവ് വരുത്താതിരുന്നതിനാൽ 2,538 രൂപ അധികച്ചെലവ് ഉണ്ടായത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 25-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികച്ചെലവുണ്ടായ 2,538 രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് നടപ്പിലാക്കിയതിൽ അപാകതകൾ കാണുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | വയോജനങ്ങൾക്ക് കട്ടിൽ |

| | |
|---|---|
| പ്രോജക്ട് | എസ് 077/8-19 |
| അടങ്കൽ | 4,50,000 |
| ചെലവ് | 4,35,000 |
| ബിൽ നമ്പർ | 09/18-19/21.03.2019 |
| | 10/18-19/21.03.2019 |
| | 11/18-19/21.03.2019 |
| | 12/18-19/21.03.2019 |
| | 3/18-19/22.03.2019 |

ടി പദ്ധതിക്ക് വേണ്ടി ആകെ 8 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള കംപാരിറ്റീവ് പത്രിക പ്രകാരം വ്യക്തമാകുന്നു. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കംപാരിറ്റീവ് പത്രിക പരിശോധിച്ചതിന്റ അടിസ്ഥാനത്തിൽ കുറവ് ക്വോട്ട് ചെയ്ത രണ്ടു സ്ഥാപനങ്ങളുടെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | മുണ്ടക്കൽ ഏജൻസീസ് | ഡക്കോറത്ത് ഏജൻസീസ് |
|---|---|---|---|
| 1 | ആഞ്ഞിലി | 3950 | 4250 |
| 2 | മഹാഗണി | 3190 | 4250 |
| 3 | തെങ്ങ് | 3150 | -- |
| 4 | ആഞ്ഞിലി | | 3870 |
| 5 | മഹാഗണി | | 2830(കുറവ്) |
| 6 | തേക്ക് | | 4336 |
| 7 | ആഞ്ഞിലി | | 3200 |

ഡക്കോറത്ത് ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ഒരു കട്ടിലിന് 3,750 രൂപ നിരക്കിൽ ആകെ 116 കട്ടിലുകളാണ് വാങ്ങയത്. 3,750 എന്ന നിരക്ക് ടി സ്ഥാപനം ക്വോട്ട് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.23)യ്ക്ക് ഡക്കോറാത്ത് ഫർണ്ണീച്ചർ എന്ന സ്ഥാപനം നൽകിയ (കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത്)2,830 രൂപയുടെ കട്ടിൽ ഗുണമേന്മ കുറഞ്ഞതിനാൽ ടി സ്ഥാപനം തന്നെ സമർപ്പിച്ച 4,230 രൂപയുടെ മഹാഗണിയിൽ തീർത്ത കട്ടിലാണ് തെരഞ്ഞെടുത്തതെന്നും ടി കട്ടിൽ നെഗോഷ്യേറ്റ് ചെയ്ത് 3,750 രൂപ നിരക്കിൽ വാങ്ങുകയുമാണ് ചെയ്തത് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ മുണ്ടയ്ക്കൽ ഏജൻസീസ് എന്ന സ്ഥാപനം മഹാഗണിയിൽ നിർമ്മിച്ച കട്ടിലിന് 3,190 നിരക്കിൽ ക്വോട്ട് ചെയ്തിരുന്നു. ടി സ്ഥാപനത്തിന്റെ കട്ടിൽ ഗുണമേന്മ പരിശോധനക്ക് വിധേയമാക്കിയതായി കാണുന്നില്ല. 3,190 രൂപ നിരക്കിൽ കട്ടിൽ വാങ്ങിയിരുന്നുവെങ്കിൽ 3,70,040 രൂപയുടെ ചെലവ് മാത്രമെ ഉണ്ടാകുമായിരുന്നുള്ളൂ. കൃത്യമായ രേഖകളുടെ അഭാവത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത

സ്ഥാപനത്തെ ഒഴിവാക്കി കട്ടിൽ വാങ്ങിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിൽ അധികമായി ചെലവഴിച്ച 64,960 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-25 ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ്. വാങ്ങൽ- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 11/19 |
| അടങ്കൽ | 1,50,000 |
| ചെലവ് | 1,44,904 |
| ബിൽ നമ്പർ/തീയതി | 28/11.3.2019 |

ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ്. വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക ക്വോട്ടുചെയ്ത മാക്സ് ഇൻഫോ സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് 3KV യു.പി.എസ്. വാങ്ങുന്നതിന് സെക്രട്ടറിയെ ഭരണസമിതി ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി സ്ഥാപനം സമർപ്പിച്ച ടെൻഡറിൽനിന്ന് ബാറ്ററി സ്റ്റാൻഡ് ഉൾപ്പെടെയുള്ള വിലയാണ് ടെൻഡറിൽ രേഖപ്പെടുത്തിയിരുന്നതെങ്കിലും സ്ഥാപനത്തിന്റെ ബില്ലിൽ സ്റ്റാൻഡിനു പ്രത്യേകമായി തുക രേഖപ്പെടുത്തിയിരുന്നു. തുടർന്ന് ബില്ലിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിന് അധികമായി 6,490 അനുവദിച്ചിട്ടുണ്ട് (ഖണ്ഡിക 3-2 കാണുക).

ആയതിനാൽ ടി പ്രോജക്റ്റിനായി അധികം ചെലവഴിച്ച 6,490/-രൂപ ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-26 സെക്രട്ടറി നിർവ്വഹിച്ച പ്രോജക്റ്റുകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് ആകെ 8,50,000/-രൂപ നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | തുക | ബിൽ നമ്പർ/ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| കുന്തൻപാറ ബോർവെൽ നിർമ്മാണം 70/19 | 1,00,000 | 16/25.9.2018 | ഭൂഗർഭ ജലവകുപ്പ് |
| പി.എം.എ.വൈ 146/19 | 1,00,000 | 3/16.5.2018 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് |
| ജലനിധി 176/19 | 6,50,000 | 18/25.10.2018 | പ്രോജക്റ്റ് ഓഫീസർ, ജലനിധി |
| **ആകെ** | **8,50,000** | | |

ടി സ്ഥാപനങ്ങളിൽനിന്ന് യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-27 ലൈഫ് ഭവനനിർമ്മാണപദ്ധതി - അവലോകനം

| | |
|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 51 |
| പൊതുവിഭാഗം | 50 |
| പട്ടികജാതി | 1 |
| പട്ടികവർഗം | - |
| നാളിതുവരെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | 43 (പൊതുവിഭാഗം) |
| ചെലവ് | - |
| വികസനഫണ്ട് വിഹിതം | 24,50,405 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 7,08,035 |
| ജില്ലാപഞ്ചായത്ത് വിഹിതം | 11,21,560 |
| ലോൺ വിഹിതം | 1,06,60,000 |
| **ആകെ തുക** | **1,49,40,000** |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയതും ഓഡിറ്റ് തീയതിയിൽ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്/മേൽവിലാസം | കൈപ്പറ്റിയ ധനസഹായം | കുറിപ്പുകൾ |
|---|---|---|
| മാത്യു കെ.ടി., കീപ്പാറയിൽ, മന്നം പി.ഒ. | 3,50,000 | മേൽക്കൂര വാർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ജാനകി പി.എം., തോട്ടുങ്കൽ, മന്നം പി.ഒ. | 3,00,000 | ലിന്റൽനിരപ്പ് പൂർത്തിയായി |

നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും ധനസഹായം കൊടുക്കുവാൻ ബാക്കി നിൽക്കുന്നവർക്ക് അർഹമായ തുകകൾ സമയബന്ധിതമായി കൈമാറുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ആശ്രയ/അഗതിരഹിത കേരളം-ഫണ്ട് ലഭ്യമായിട്ടും പദ്ധതി നടപ്പാക്കുന്നില്ല

അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ

അന്തിമഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിരുന്നു (തീരുമാനം നമ്പർ- 4(2), 4(13)/ 21.12.2018). ടി ലിസ്റ്റിൽ പൊതുവിഭാഗത്തിൽനിന്ന് 247 കുടുംബങ്ങളും പട്ടികവർഗവിഭാഗത്തിൽനിന്ന് 42 കുടുംബങ്ങളും ഉൾപ്പെട്ടിരുന്നു. കരട് ലിസ്റ്റിന്മേൽ ലഭിച്ച 150അപ്പീലുകൾ പരിശോധിച്ചതിനുശേഷമാണ് ഇപ്രകാരം അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചത്. പദ്ധതിയ്ക്കുവേണ്ടി ഭരണസമിതി അംഗീകരിച്ച അടങ്കൽ താഴെപ്പറയുംപ്രകാരമാണ്.

| ധനസ്രോതസ് | തുക (രൂപ) | |
|---|---|---|
| | പൊതുവിഭാഗം | പട്ടികവർഗവിഭാഗം |
| ചലഞ്ച് ഫണ്ട് | 40,00,000 | 21,52,300 |
| പദ്ധതിവിഹിതം | 1,39,24,500 | 68,70,400 |
| **ആകെ** | **1,79,24,500** | **90,22,700** |

ആശ്രയപദ്ധതിയ്ക്കായി സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ പൂഞ്ഞാർ ശാഖയിൽ ആരംഭിച്ച രണ്ടു ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കുകയും ടി അക്കൗണ്ടുകളിലെ നീക്കിയിരിപ്പു തുകകൾ അഗതിരഹിത കേരളം പദ്ധതിയ്ക്കായി ആരംഭിച്ച പുതിയ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ യാതൊരുവിധ പദ്ധതിപ്രവർത്തനങ്ങളും നടക്കുന്നില്ല.

കൂടാതെ, ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് വികസനഫണ്ടിൽനിന്ന് 120000/-രൂപ (പ്രോജക്ട് നമ്പർ- എസ് 147/19, ബിൽ നമ്പർ 9/15.1.2019) ആശ്രയ പദ്ധതിയുടെ 3427263410 നമ്പർ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തുവെങ്കിലും ആയത് നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

ആശ്രയ/അഗതിരഹിത കേരളം പദ്ധതിയ്ക്കായി ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | മുന്നിരിപ്പ് (1.4.2018) | നീക്കിയിരിപ്പ് (31.3.2019) | കുറിപ്പുകൾ |
|---|---|---|---|
| 2198746300 - സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, പൂഞ്ഞാർ ശാഖ | 9,01,269 | 9,33,230 | അക്കൗണ്ട് ക്ലോസുചെയ്തു |
| 3427263410 - സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, പൂഞ്ഞാർ ശാഖ | 2,12,491 | 2,81,335 | |
| 3750087486 - സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, പൂഞ്ഞാർ ശാഖ | 9,39,405 | 14,36,950 (7.11.2019ൽ) | 9.5.2019ൽ ആരംഭിച്ചു. |
| 40668101048210 - കേരള ഗ്രാമീൺ ബാങ്ക്, പൂഞ്ഞാർ ശാഖ | നിലവിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല. | | പട്ടികവർഗവിഭാഗം |

ഗ്രാമപഞ്ചായത്തിൽ അഗതിരഹിത കേരളം പദ്ധതി ഫലപ്രദമായി നടപ്പാക്കാത്തതു സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് 22/18.11.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ആശ്രയ രണ്ടാംഘട്ടത്തിൽ പൊതുവിഭാഗത്തിൽ 82 അഗതികുടുംബങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത് എന്നും പട്ടികവർഗവിഭാഗത്തിൽ ആരുമില്ലായിരുന്നു എന്നും അനർഹർ പദ്ധതിയിൽ കടന്നുകൂടിയ വിവരം ഭരണസമിതിയ്ക്ക്

വ്യക്തമായതിനാൽ ഭവനസന്ദർശനം നടത്തി ഗുണഭോക്തൃലിസ്റ്റിൽ ഭേദഗതി വരുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പുതുക്കിയ പ്രോജക്ട് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിനിർവ്വഹണം നടത്തുന്നതാണ് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 പി.എച്ച്.സി.അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ- ഒരേ ടാക്സ് ഇൻവോയ്സുകൾ ഉൾപ്പെടുത്തി രണ്ടുതവണ പണം പിൻവലിച്ചു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രോജക്ട്നമ്പർ | 156/19 |
| അടങ്കൽ | 6,06,837 |
| ചെലവ് | 4,55,427 |
| ധനസ്രോതസ് | മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം) |
| ബിൽ നമ്പർ/തീയതി | 4/8.8.2018 :1,39,636/- |
| | 6/4.10.2018 :1,95,880/- |
| | 9/28.12.2018 :1,19,911/- |

പി.എച്ച്.സി.അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടിന്റെ 4/8.8.2018, 9/28.12.2018 എന്നീ ട്രഷറിബില്ലുകളിൽ ചോയിസ് സാനിവെയേഴ്സ് & ഇലക്ട്രിക്കൽസ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ ഒരേ ടാക്സ് ഇൻവോയ്സുകൾ ഉപവൗച്ചറുകളായി ഉൾപ്പെടുത്തി രണ്ടുതവണ പണം പിൻവലിച്ചതുമൂലം ആകെ 12,090/-രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. രണ്ടു ട്രഷറി ബില്ലുകളിലും ഉപവൗച്ചറുകളായി ഉപയോഗിച്ചിട്ടുള്ള ഇൻവോയ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 1460/18/13.3.2018 | 2,388 |
| 1469/18/14.3.2018 | 2,368 |
| 1509/18/17.3.2018 | 555 |

| | |
|---|---|
| 1524/18/19.3.2018 | 919 |
| 1575/18/24.3.2018 | 5,860 |
| **ആകെ** | **12,090** |

ഇതു സംബന്ധിച്ച 16/15.11.2019 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഒരേ ടാക്സ് ഇൻവോയ്സുകൾ ഉപവൗച്ചറുകളായി ഉൾപ്പെടുത്തിയതുമൂലം 12,090/-രൂപ അധികം ചെലവഴിച്ചതിന് മെഡിക്കൽ ഓഫീസർ ഡോ.ഷാജു സെബാസ്റ്റ്യൻ ബാധ്യതപ്പെട്ടിരിക്കുന്നു. (ഖണ്ഡിക 1-20 കൂടി കാണുക)

## 3-2 ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ് വാങ്ങൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട്നമ്പർ | 11/19 |
| അടങ്കൽ | 1,50,000 |
| ചെലവ് | 1,44,904 |
| ബിൽ നമ്പർ/തീയതി | 28/11.3.2019 |

ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ്. വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കു ക്വോട്ടുചെയ്ത മാക്സ് ഇൻഫോ സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് 3KV യു.പി.എസ്. വാങ്ങുന്നതിന് സെക്രട്ടറിയെ ഭരണസമിതി ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി സ്ഥാപനം സമർപ്പിച്ച ടെൻഡറിൽനിന്ന് വ്യത്യസ്തമായ നിരക്കിലാണ് ഇൻവോയ്സ് സമർപ്പിക്കുകയും തുക അനുവദിക്കുകയും ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടെൻഡറിൽ രേഖപ്പെടുത്തിയത് | | ബില്ലിൽ രേഖപ്പെടുത്തിയത് | | | | |
|---|---|---|---|---|---|---|
| ഇനം | നിരക്ക് | നിരക്ക് | എണ്ണം | ആകെ വില | ജി.എസ്.ടി | ആകെ തുക |
| Hycon 3KV online UPS(HT 3000) | 1,39,000/- | 22,500/- (HT 1103L/ 72V) | 1 | 22,500 | 4,050 | |
| 150 AH Tubular Battery | | 15,800 | 6 | 94,800 | 17,064 | |
| 3Year onsite warranty for UPS and 3year for Battery | | | | | | |
| Battery stand | | 5,500 | 1 | 5,500 | 990 | 6,490 |
| ആകെ | 1,39,000 | 1,44,904 | | | | |

ബാറ്ററി സ്റ്റാൻഡ് ഉൾപ്പെടെയുള്ള വിലയാണ് ടെൻഡറിൽ രേഖപ്പെടുത്തിയിരുന്നതെങ്കിലും സ്ഥാപനത്തിന്റെ ബില്ലിൽ സ്റ്റാൻഡിനു പ്രത്യേകമായി തുക രേഖപ്പെടുത്തിയിരുന്നു. തുടർന്ന് ബില്ലിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിന് അധികമായി തുക അനുവദിച്ചിട്ടുണ്ട്.

പ്രസ്തുത അപാകത സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 9/13.11.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി പ്രോജക്ടിനായി അധികം ചെലവഴിച്ച 6,490/-രൂപയ്ക്ക് സെക്രട്ടറി ശ്രീ.റ്റി.ആർ.ശ്രീകാന്ത് ബാധ്യതപ്പെട്ടിരിക്കുന്നു.

## 3-3 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് നടപ്പിലാക്കിയതിൽ അപാകതകൾ കാണുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | വയോജനങ്ങൾക്ക് കട്ടിൽ |
| പ്രോജക്ട് | എസ് 077/8-19 |
| അടങ്കൽ | 4,50,000 |
| ചെലവ് | 4,35,000 |
| ബിൽ നമ്പർ | 09/18-19/21.03.2019 |
| | 10/18-19/21.03.2019 |
| | 11/18-19/21.03.2019 |
| | 12/18-19/21.03.2019 |
| | 3/18-19/22.03.2019 |

ടി പദ്ധതിക്ക് വേണ്ടി ആകെ 8 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള കംപാരിറ്റീവ് പത്രിക പ്രകാരം വ്യക്തമാകുന്നു. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കംപാരിറ്റീവ് പത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് ക്വോട്ട് ചെയ്ത രണ്ടു സ്ഥാപനങ്ങളുടെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | മുണ്ടക്കൽ ഏജൻസീസ് | ഡക്കോറത്ത് ഏജൻസീസ് |
|---|---|---|---|
| 1 | ആഞ്ഞിലി | 3950 | 4250 |
| 2 | മഹാഗണി | 3190 | 4250 |
| 3 | തെങ്ങ് | 3150 | -- |
| 4 | ആഞ്ഞിലി | | 3870 |

| | | | |
|---|---|---|---|
| 5 | മഹാഗണി | | 2830(കുറവ്) |
| 6 | തേക്ക് | | 4336 |
| 7 | ആഞ്ഞിലി | | 3200 |

ഡക്കോറത്ത് ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ഒരു കട്ടിലിന് 3,750 രൂപ നിരക്കിൽ ആകെ 116 കട്ടിലുകളാണ് വാങ്ങയത്. 3,750 എന്ന നിരക്ക് ടി സ്ഥാപനം ക്വോട്ട് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.23)യ്ക്ക് ഡക്കോറാത്ത് ഫർണ്ണീച്ചർ എന്ന സ്ഥാപനം നൽകിയ (കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത്)2,830 രൂപയുടെ കട്ടിൽ ഗുണമേന്മ കുറഞ്ഞതിനാൽ ടി സ്ഥാപനം തന്നെ സമർപ്പിച്ച 4,230 രൂപയുടെ മഹാഗണിയിൽ തീർത്ത കട്ടിലാണ് തെരഞ്ഞെടുത്തതെന്നും ടി കട്ടിൽ നെഗോഷ്യേറ്റ് ചെയ്ത് 3,750 രൂപ നിരക്കിൽ വാങ്ങുകയുമാണ് ചെയ്തത് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ മുണ്ടയ്ക്കൽ ഏജൻസീസ് എന്ന സ്ഥാപനം മഹാഗണിയിൽ നിർമ്മിച്ച കട്ടിലിന് 3,190 നിരക്കിൽ ക്വോട്ട് ചെയ്തിരുന്നു. ടി സ്ഥാപനത്തിന്റെ കട്ടിൽ ഗുണമേന്മ പരിശോധനക്ക് വിധേയമാക്കിയതായി കാണുന്നില്ല. 3,190 രൂപ നിരക്കിൽ കട്ടിൽ വാങ്ങിയിരുന്നുവെങ്കിൽ 3,70,040 രൂപയുടെ ചെലവ് മാത്രമെ ഉണ്ടാകുമായിരുന്നുള്ളൂ. കൃത്യമായ രേഖകളുടെ അഭാവത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കട്ടിൽ വാങ്ങിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിൽ അധികമായി ചെലവഴിച്ച 64,960 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി ചെലവഴിച്ച 64,960 രൂപയ്ക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രീമതി ജ്യോതി എസ്.കുമാർ ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 29.05.19, 30.05.19 | കെ.എസ്.എ-കെ.ടി.എം.പി14/787/2019 തീയതി 04.06.19 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 13.11.18 | 11,21,560 | 173/19 ലൈഫ് മിഷൻ(ജനറൽ) | 11,21,560 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 13.11.18 | 2,00,000 | 9/19 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | 13.11.18 | 1,00,000 | 130/19 പാലിയേറ്റീവ് പരിചരണം | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 13.11.18 | 7,08,950 | 173/19 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 7,08,035 | 915 |
| | 22.03.19 | 2,00,000 | 138/19 മലയിഞ്ചിപ്പാറ സ്കൂൾ മഴവെള്ള സംഭരണി | 2,00,000 | 0 |
| | 21.03.19 | 89,476 | 173/19 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 0 | 89,476 |
| **ആകെ** | | **24,19,986** | | **23,29,595** | **90,391** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 70/19 കുന്തൻപാറ ബോർവെൽ നിർമ്മാണം | 16/25.09.18 | 1,00,000 | 0 | 1,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,06,86,894/- രൂപ വരവുണ്ട്. വായ്പ തുക മുഴുവൻ വിനിയോഗിച്ചിട്ടില്ല. വിനിയോഗിക്കാതെ ശേഷിച്ച 27,116/- രൂപ 2019-20 വർഷം തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി(കെ.യു.ആർ.ഡി.എഫ്.സി.) | ജി.ഒ.(എം.എസ്) 68/2018,18.05.2018, ജി.ഒ(എം.എസ്.) 100/2018, 30.07.2018 | 1,06,86,894 | - | - | - | 1,06,86,894 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

### 4-9 ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 7,16,88,042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,23,04,217 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 83,540 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,43,337 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12,090 | ഡോ.ഷാജു സെബാസ്റ്റ്യൻ,<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 3-2 | | 6,490 | ശ്രീ.റ്റി.ആർ.ശ്രീകാന്ത്, സെക്രട്ടറി |
| 3-3 | | 64,960 | ശ്രീമതി ജ്യോതി എസ്.കുമാർ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **ആകെ** | | **83,540** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 4,43,337 | ഡോ.ഷാജു സെബാസ്റ്റ്യൻ, മെഡിക്കൽ |

| | | |
|---|---|---|
| | | ഓഫീസർ(പി.എച്ച്.സി.) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

1-20

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഷാജു സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.), പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് | കപ്പലുമാക്കൽ ഹൗസ്, പൂവരണി പി.ഒ., പാലാ |
| ശ്രീ.റ്റി.ആർ.ശ്രീകാന്ത്, സെക്രട്ടറി | സെക്രട്ടറി, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് | താഴത്തേടത്ത് ഹൗസ്, പൂഞ്ഞാർ പി.ഒ. |
| ശ്രീമതി ജ്യോതി എസ്.കുമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് | നേമനത്തറയിൽ ഹൗസ്, കൃഷ്ണപുരം പി.ഒ., ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(1)/28.02.18 | 13 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി4.960/അദാ G6/2011/ 25.8.11 | 7 |
| 1999-00, 2000-01, 2001-02 plan | എൽ.എഫ്.കെ.പി7/910/03/25.01.05 | |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) | 1 |

| | | |
|---|---|---|
| | 206(3)/28.02.18 | |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(4)/28.02.18 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(6)/28.02.18 | 2 |
| 2008-09 | എൽ.എഫ്.കെ.പി2- 13/1311/13/24.10.13 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(8)/28.02.18 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(9)/28.02.18 | 6 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(10)/28.02.18 | 2 |
| 13-14 & 14-15 | കെ.എസ്.എ-കെ.ടി.എം.പി-2/713/16/05.09.16 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-2/143/17/16.03.17 | 7 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-14/1915/ 17/27.02.18 | 8 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-14/303/ 19/14.10.19 | 19 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു. അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി14/1759/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി:28.12.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**